# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *275** 08.11.2019 -ലെ മറുപടിയ്ക്ക്

## മഹാത്മാഗാന്ധി സർവ്വകലാശാല ഫയൽ അദാലത്ത്

ചോദ്യം
ശ്രീ. പി.ടി. തോമസ്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. വി.ടി.ബൽറാം

ഉത്തരം
**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | 2019 ഫെബ്രുവരി 22-ാം തീയതി മഹാത്മാഗാന്ധി സർവ്വകലാശാല നടത്തിയ ഫയൽ അദാലത്തിൽ കോതമംഗലത്തെ ഒരു സ്വാശ്രയ കോളേജിലെ ബി-ടെക് വിദ്യാർത്ഥിനി ആറാം സെമസ്റ്റർ പരീക്ഷയിൽ എൻ.എസ്.എസിന്റെ ഗ്രേസ് മാർക്ക് അനുവദിക്കണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടിരുന്നുവോയെന്ന് വ്യക്തമാക്കാമോ; | (എ) | ആവശ്യപ്പെട്ടിരുന്നു. |
| (ബി) | നേരത്തെ ഈ വിദ്യാർത്ഥിനിക്ക് എൻ.എസ്.എസ്. ഗ്രേസ് മാർക്ക് നൽകിയതിനാൽ വീണ്ടും അനുവദിക്കുവാൻ ചട്ടമില്ലായെന്ന കാരണത്താൽ വൈസ് ചാൻസലർ പ്രസ്തുത വിദ്യാർത്ഥിനിയുടെ അപേക്ഷ തള്ളിയിരുന്നോ; | (ബി) | അപേക്ഷ നിരസിച്ചിരുന്നു. |
| (സി) | ഈ അദാലത്തിൽ വച്ച് പ്രസ്തുത വിദ്യാർത്ഥിനിക്ക് ഒരു മാർക്ക് കൂട്ടി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) & (ഡി) | ഇല്ല; എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേക്ക് ബി.ടെക്. കോഴ്സുകൾ പൂർണമായും മാറുകയും സപ്ലിമെന്ററി വിദ്യാർഥികൾ മാത്രം സർവകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യത്തിലും, നേരിയ മാർക്കിന്റെ കുറവുകൊണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർഥികൾക്ക് സാധിക്കാതിരിക്കുകയും നാലു വർഷ |
| (ഡി) | പ്രസ്തുത തീരുമാനം നിയമവിരുദ്ധ | | |

| | | | |
|---|---|---|---|
| | മായതിനാൽ സർവ്വകലാശാല അക്കാഡമിക് കൗൺസിലിൽ ഈ പ്രശ്നം സമർപ്പിക്കുവാൻ തീരുമാനിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ? | | ത്തെ പഠനത്തിനു ശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം നിസാര മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ്ടു യോഗ്യതയിലേക്ക് മാത്രമായി വിദ്യാർഥികൾ ചുരുങ്ങുന്ന സാഹചര്യത്തിലും, ബി.ടെക് വിദ്യാർത്ഥിയ്ക്ക് ഒരു മാർക്ക് മോഡറേഷൻ നൽകാൻ 21.02.2019 ൽ സിൻഡിക്കേറ്റിന്റെ അധികാരത്തോടുകൂടിയ നിർവ്വാഹകസമിതി ശുപാർശ ചെയ്യുകയും ടി ശുപാർശ വൈസ്ചാൻസലർ അംഗീകരിക്കുകയും ചെയ്തു. ഈ തീരുമാനം നിയമവിരുദ്ധമായതിനാലല്ല അക്കാദമിക് കൗൺസിലിന് സമർപ്പിച്ചത്. പ്രസ്തുത തീരുമാനം സർവ്വകലാശാലയുടെ കീഴിൽ ബി.ടെക് ചെയ്ത വിദ്യാർത്ഥികളെ പൊതുവായി ബാധിക്കുന്നതിനാലും വിദ്യാർത്ഥിനിയുടെ അപേക്ഷയിൽ ഗ്രേസ്മാർക്ക് വിഷയവും കൂടി ഉൾപ്പെട്ടിരുന്നതിനാലും റെഗുലേഷനിൽ അമെന്റ്മെന്റ് ആവശ്യമുണ്ടോ എന്ന കാര്യം പരിഗണിക്കുന്നതിനുമായാണ് ടി വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചത്. തുടർന്ന് 30.04.2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിനു പുറമെ പരമാവധി 5 മാർക്ക് കൂടി മോഡറേഷനായി നൽകുന്നതിന് നയപരമായ തീരുമാനം എടുക്കുകയാണുണ്ടായത്. |

സെക്ഷൻ ഓഫീസർ.